"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അസറ്റ് മെയിന്റനൻസ് ഫണ്ട് -ഭരണാനുമതി നൽകിയ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ പ്രവൃത്തികൾ - പൂർത്തിയാക്കൽ കാലാവധി ദീർഘിപ്പിച്ച് നൽകി- പുതുക്കിയ ഭരണാനമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.220/2026/H&FWD തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.760/2023/ആ.കു.വ. തീയതി 30.03.2023
2. സ.ഉ.(സാധാ) നം.961/2025/ആ.കു.വ. തീയതി 29.03.2025
3. സ.ഉ.(സാധാ) നം.3592/2025/ആ.കു.വ. തീയതി 14.11.2025
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29.12.2025 തീയതിയിലെ എ3/2193/2025/മെ.വി.വ. നം. കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2022-23 വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ തരം 12 പ്രവൃത്തികൾ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ₹2,56,60,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾ നിശ്ചിത കാലാവധിയായ 31.03.2026-ന് മുൻപായി പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി പരാമർശം (2) പ്രകാരം 30-09-2025 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ, മേൽ 12 പ്രവർത്തികളിൽ, 4 എണ്ണം ദീർഘിപ്പിച്ചു നൽകിയ തീയതിയിലും പൂർത്തിയാകാത്തതിരുന്നതിനെ തുടർന്ന് പ്രസ്തുത നാല് പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി പരാമർശം (3) പ്രകാരം 31-12-2025 വരെ വീണ്ടും ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ ഇപ്രകാരം രണ്ടാമതും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തികളിലുൾപ്പെട്ട "Renovation of toilet in C Block of P.G Hostel at GMCK Kottayam (ക്രമ നമ്പർ 4 ), "Urgent repair and painting of P.G Hostel at GMCH, Kottayam" (ക്രമ നമ്പർ 5) എന്നീ പ്രവൃത്തികൾ നിർദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ, പൂർത്തീകരണ കാലാവധി 3 മാസത്തേക്ക് കൂടി (14.02.2026 വരെ) ദീർഘിപ്പിച്ച് നൽകണമെന്ന് ഗാന്ധിനഗർ സ്പെഷ്യൽ ബിൽഡിംഗ്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ടെന്ന്, കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ബോധിപ്പിച്ചിട്ടുള്ളതായി പരാമർശം (4)ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അറിയിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2022-23 വർഷത്തിൽ അസറ്റ് മെയിന്റനൻസ് ഫണ്ടിന്

കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള വിവിധ പ്രവൃത്തികളിലുൾപ്പെട്ടതും പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം പൂർത്തീകരണ കാലാവധി രണ്ടു തവണ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമായ "Renovation of toilet in C Block of P.G Hostel at GMCH Kottayam ( Mo.4), "Urgent repair and painting of P.G Hostel at GMCH Kottayam (ക്രമ നം. 5) എന്നീ **പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി** വീണ്ടും **14.02.2026 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട്** പരാമർശ ഉത്തരവുകൾ പുതുക്കി നൽകി ഉത്തരവാകുന്നു.

**3.** നിലവിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ള പൂർത്തീകരണ കാലവധിക്കുള്ളിൽ പ്രവൃത്തി കൃത്യമായി പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) ഉറപ്പ് വരുത്തേണ്ടതാണ്.

4. മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗാന്ധിനഗർ സ്പെഷ്യൽ ബിൽഡിംഗ്സ് സബ് ഡിവിഷൻ, പൊതുമരാമത്ത് വകുപ്പ്, കോട്ടയം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ്
ധനകാര്യ (പ്ലാനിംഗ് - ബി) വകുപ്പ്
വിവരപൊതുജന (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/205/2022-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 17-01-2026 10:45:38
സെക്ഷൻ ഓഫീസർ